"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ശിഖ സുഗതൻ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-972/2023-മേലുള്ള 04.07.2023-ലെ ഉത്തരവ്- അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1989/2023/H&FWD തീയതി,തിരുവനന്തപുരം, 07-08-2023

---

പരാമർശം:-

1. OA No.972/2023-മേലുള്ള ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.07.2023-ലെ ഉത്തരവ്.
2. പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ശിഖ സുഗതൻ സമർപ്പിച്ച 08.07.2023-ലെ നിവേദനം.
3. പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ജിഷ ജേക്കബ് സമർപ്പിച്ച 11.07.2023-ലെ ഉത്തരവ്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.07.2023-ലെ ഇ.എ1-11789/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച 15.06.2023 തീയതിയിലെ EA1-5160/2023/DHS നമ്പർ പൊതു സ്ഥലംമാറ്റ ഉത്തരവിൽ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ നിന്നും അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയതിനെതിരെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ശിഖ സുഗതൻ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച OA-972/2023 അപേക്ഷയിൽ 04.07.2023-ന് ബഹു: ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ സർക്കാർ മുമ്പാകെ ഉത്തരവ് തീയതിക്ക് ഒരാഴ്ചക്കുള്ളിൽ അപേക്ഷക സർക്കാരിൽ അപേക്ഷ സമർപ്പിക്കാനും ഒന്നാം എതിർ കക്ഷിയായ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അതിന്മേൽ മൂന്നാഴ്ചക്കുള്ളിൽ അപേക്ഷകയെയും മൂന്നാം എതിർ കക്ഷിയെയും നേരിൽ കേട്ട് തീരുമാനമെടുക്കാനും ഉത്തരവായിരുന്നു.

2) ബഹു. ട്രൈബ്യൂണലിന്റെ പരാമർശ ഉത്തരവ് പാലിക്കുന്നതിനായി അപേക്ഷകയെയും ടി ഹർജിയിലെ മൂന്നാം എതിർകക്ഷി - ഡോ.ജിഷ ജേക്കബ്-നെയും 27.07.2023 തീയതി 11 മണിയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ചുവടെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ നേരിൽ കേട്ടു. പരാമർശം (2) അപേക്ഷയിലും നേരിൽ നടത്തിയ ഹിയറിംഗിലും അപേക്ഷക ഡോ. ശിഖ സുഗതൻ താഴെ പറയുന്ന വസ്തുതകൾ അറിയിച്ചു.

0195334

അപേക്ഷക 14.06.2019 മുതൽ ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സേവനത്തിൽ തുടരവെ ആറ് സ്റ്റേഷനുകൾ ഓപ്ഷൻ നൽകി പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും അതിൽ ഒന്നിലും പരിഗണിക്കാതെ അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലം മാറ്റി. കരട് പട്ടികയിൽ ഓപ്ഷൻ നൽകിയ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പരിഗണിച്ച എങ്കിലും അന്തിമ സ്ഥലം മാറ്റ ഉത്തരവിൽ അത് പരിഗണിക്കപ്പെട്ടില്ല. 25.11.2009 തീയതി കാസർഗോഡ് ജില്ലയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച എങ്കിലും സർവ്വീസിൽ നിന്നും വിട്ട് നിന്നതിനാൽ പിന്നീട് 23.03.2010 ൽ ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലാണ് വീണ്ടും സേവനത്തിൽ പ്രവേശിച്ചത്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് 14.03.2018 ന് പാലക്കാട് എലപ്പുള്ളി താലൂക്ക് ആശുപത്രിയിൽ സേവനത്തിൽ പ്രവേശിച്ചു. സ്ഥലംമാറ്റം ലഭിച്ച് 14.06.2019 മുതൽ ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്യുന്നു. ഭർത്താവ് കാസർഗോഡ് ജില്ലയിൽ ടാറ്റ ട്രസ്റ്റ് സർക്കാർ ആശുപത്രിയിൽ കൺസൾട്ടന്റ് തസ്തികയിൽ ജോലി നോക്കുന്നതിനാൽ കുട്ടികളുടെ സംരക്ഷണം അടക്കം നിർവ്വഹിക്കേണ്ടതിനാൽ ആലപ്പുഴയിലോ സമീപ ജില്ലകളിലോ നിയമനം നൽകണമെന്നും മാത്രമല്ല മൂന്നാം എതിർ കക്ഷി ഒരു വർഷം ആലപ്പുഴ ജനറൽ ആശുപത്രിയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി നോക്കുകയും, പ്രസ്തുത കാലയളവ് കുറവ് ചെയ്യാതെ അപേക്ഷ സമർപ്പിച്ചാണ് ടിയാൾക്ക് സ്ഥലം മാറ്റം ലഭിച്ചതെന്നും അപേക്ഷക പറഞ്ഞു.

3) മൂന്നാം എതിർകക്ഷി ഡോ.ജിഷ ജേക്കബ്ബിനെ നേരിൽ കേട്ടതിൽ ടിയാൾ ചുവടെ പറയുന്ന വസ്തുതകൾ അറിയിച്ചു:

08.11.2011ൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സേവനത്തിൽ പ്രവേശിച്ച ടിയാൾ 8.12.2016 ന് ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് കണ്ണൂർ മട്ടന്നൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിയമനം ലഭിച്ചെന്നും അറിയിച്ചു. 06.03.2017 മുതൽ 05.03.2020 വരെ പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഡെപ്യൂട്ടേഷനിൽ ആയിരുന്നു. 6.03.2020-ന് വീണ്ടും കണ്ണൂർ മാങ്ങാട്ട് പറമ്പ ജോയിൻ ചെയ്യുകയും അവിടെ തുടരുകയുമായിരുന്നു. 12.10.2020 തീയതിയിലെ സഉ(സാധാ) 1876/2020/ആ.കു.വ ഉത്തരവ് പ്രകാരം ഒരു വർഷത്തേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ ആലപ്പുഴ ജനറൽ ആശുപത്രിയിൽ സേവനത്തിൽ ഉണ്ടായിരുന്നു. എന്നാൽ ടിയാളുടെ ഭർത്താവ് ആലപ്പുഴ മെഡിക്കൽ കോളേജിൽ കോവിഡ് ഡ്യൂട്ടി സ്പെഷ്യൽ ഓഫീസർ ആയിരുന്നത് കൊണ്ടാണ് പ്രസ്തുത കാലയളിവിൽ ജോലി ക്രമീകരണ വ്യവസ്ഥയ്ക്ക് അപേക്ഷിക്കേണ്ടി വന്നതെന്നും ഡോ.ജിഷ ജേക്കബ് പറഞ്ഞു. ദീർഘ കാലത്തെ ഔട്ട് സ്റ്റേഷൻ സർവ്വീസും നിലവിൽ ടിയാളുടെ സാന്നിധ്യം കുടുംബത്തിൽ അത്യന്താപേക്ഷിതമാണ് എന്നതടക്കം പരിഗണിച്ച് ഇപ്പോൾ സ്ഥലംമാറ്റം ലഭിച്ച സ്റ്റേഷനിൽ ജോയിൻ ചെയ്യാൻ അനുവദിക്കണമെന്നും മൂന്നാം എതിർ കക്ഷി പറഞ്ഞു.

4) അപേക്ഷക ഡോ.ശിവ സുഗതൻ പൊതു സ്ഥലം മാറ്റത്തിന് ആറ് ഓപ്ഷനുകൾ സമർപ്പിച്ചിരുന്നതായും, ഒന്നാം ഓപ്ഷനായ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സ്ഥലം മാറ്റത്തിന് പരിഗണിക്കാൻ കഴിയുന്ന മെഡിക്കൽ ഓഫീസർമാർ ആരും തന്നെ ഉണ്ടായിരുന്നില്ല എന്നും, മറ്റ് അഞ്ച് സ്റ്റേഷനുകളിലും ഒന്നുകിൽ അപേക്ഷകയേക്കാൾ അർഹത ഉള്ളവരെ പരിഗണിക്കേണ്ടി വരികയും, അല്ലെങ്കിൽ അവിടെ സ്ഥലം മാറ്റപ്പെടാൻ യോഗ്യരായ

ഇതേ കേഡറിലുള്ള ഡോക്ടർമാർ ഉണ്ടാകാതിരുന്നതിനാലും, അപേക്ഷകയെ പരിഗണിക്കാൻ സാധിച്ചില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് കണ്ണൂർ മങ്ങാട്ടുപറമ്പ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 06.03.2020 മുതൽ ജോലി ചെയ്ത് വന്ന മൂന്നാം എതിർകക്ഷിയായ ഡോ.ജിഷ ജേക്കബിനെ പരിഗണിക്കേണ്ടി വന്നതിനാലാണ് ഡോ ശിഖ സുഗതനെ അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

5) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. പൊതു സ്ഥലം മാറ്റം സംബന്ധിച്ച GO(P)No. 3/2017/PARD dated 25-02-2017 ഉത്തരവിൽ ഒന്നാമത്തെ മുൻഗണന സ്റ്റേഷൻ സീനിയോറിറ്റിയും അത് കഴിഞ്ഞ അടുത്ത മുൻഗണന ഔട്ട് സ്റ്റേഷൻ സർവ്വീസും ആണ്. പ്രസ്തുത വസ്തുത പരിഗണിക്കുമ്പോൾ അപേക്ഷകയേക്കാൾ പരിഗണനാർഹമായ ഔട്ട് സ്റ്റേഷൻ സീനിയോറിറ്റി മൂന്നാം എതിർകക്ഷിക്ക് ആണ്. മൂന്നാം എതിർകക്ഷി ഒരു വർഷം ജോലി ക്രമീകരണ വ്യവസ്ഥയിൽ ആലപ്പുഴ ജനറൽ ആശുപത്രിയിൽ തുടർന്നു എന്നതിനാൽ ടിയാൾക്ക് പൊതു സ്ഥലം മാറ്റത്തിന് അപേക്ഷിക്കാൻ അർഹത ഇല്ല എന്ന അപേക്ഷകയുടെ വാദം നിലനിൽക്കത്തതല്ല. അന്യത്ര സേവനവും ജോലി ക്രമീകരണവും ഒരേ തരത്തിൽ പരിഗണിക്കാവുന്നതല്ല. അപേക്ഷകയുടെ സ്ഥലം മാറ്റം ഈ വിഷയത്തിൽ സർക്കാർ തീരുമാനം വരുന്നത് വരെ തടഞ്ഞിരിക്കുന്നതിനാൽ മൂന്നാം എതിർ കക്ഷി ഡോ.ജിഷ ജേക്കബ് നിലവിൽ സേവനത്തിൽ പ്രവേശിക്കാൻ സാധിക്കാതെ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിൽ തുടരുകയാണ്. അടിമാലി താലൂക്ക് ആശുപത്രിയിലെ പീഡിയാട്രിക് വിഭാഗത്തിൽ നിയോഗിച്ച അപേക്ഷകയുടെ അസാന്നിധ്യം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. ആയതിനാൽ അപേക്ഷക ഡോ.ശിഖ സുഗതന്റെ അടിമാലി താലൂക്ക് ആശുപത്രിയിലേക്കുള്ള സ്ഥലം മാറ്റം സ്ഥിരപ്പെടുത്തിക്കൊണ്ടും, അപേക്ഷകയുടെ ഭർത്താവ് കാസർഗോഡ് ജില്ലയിലെ സർക്കാർ ടാറ്റ ട്രസ്റ്റ് ആശുപത്രിയിൽ ജോലി ചെയ്യുന്നതിനാൽ കുട്ടികളുടെ സംരക്ഷണം അടക്കമുള്ള വിഷയങ്ങൾ അപേക്ഷക ചൂണ്ടി കാണിച്ചത് പരിഗണിച്ച്, ഇതേ കേഡറിൽ ആലപ്പുഴ ജില്ലയിൽ ഇനി വരുന്ന ഒഴിവിൽ ഡോ.ശിഖ സുഗതനെ നിയമിക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-972/2023-ന്മേലുള്ള 04.07.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജിത് നാസർ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആലപ്പുഴ/ഇടുക്കി/കണ്ണൂർ.

ഡോ.ശിഖ സുഗതൻ, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), 'ഹിമശൈലം', ചിറകടവം, കായംകുളം.പി.ഒ, ആലപ്പുഴ - 690 502.

ഡോ.ജിഷ ജേക്കബ്, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) (ആരോഗ്യ വകുപ്പ് ഡയറക്ടർ

മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
B Renuka
Date: 07-08-2023 11:11:52

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1 - 11789/2023/ആ.വ.വ, തീയതി 07.08.2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.വ യ്ക്ക് വേണ്ടി.